# പതിമൂന്നാം കേരള നിയമസഭ
# പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 949

08/01/2014-ൽ മറുപടിയ്ക്ക്

## ബാലുശ്ശേരി ഗ്രാമപഞ്ചായത്തിലെ പുതുപ്പാടി താഴെ 'ആലിൻചുവട്' കുളിക്കടവു സംരക്ഷണം

| ചോദ്യം<br>ശ്രീ. പുരുഷൻ കടലുണ്ടി | മറുപടി<br>ശ്രീ.പി .ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| (എ) പുഴയോരങ്ങളിലെ പരമ്പരാഗത കുളിക്കടവുകൾ സംരക്ഷിക്കുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; | (എ) പുഴയോരങ്ങളിലെ പരമ്പരാഗത കുളിക്കടവുകൾ സംരക്ഷിക്കുന്നതിന് പ്രത്യേക പദ്ധതികളൊന്നും ആവിഷ്ക്കരിച്ചിട്ടില്ല. എന്നാൽ പുഴകളുടെ തീരസംരക്ഷണ പ്രവൃത്തികളുടെ ഭാഗമായുള്ള ചില പദ്ധതികളിൽ കുളിക്കടവുകളുടെ വിപുലീകരണം കൂടി ഉൾപ്പെടാറുണ്ട്. |
| (ബി) എങ്കിൽ, ബാലുശ്ശേരി പഞ്ചായത്തിലെ രാമൻപുഴതീരത്ത് അഞ്ചാം വാർഡിൽ പുതുപ്പാടിതാഴെ ആലിൻചുവട് കുളിക്കടവും പുഴയുടെ പാർശ്വഭിത്തിയും സംരക്ഷിക്കാനുള്ള പദ്ധതി നിർദ്ദേശം സമർപ്പിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകാമോ? | (ബി) പുഴയോരങ്ങളിലെ പരമ്പരാഗത കുളിക്കടവുകൾ സംരക്ഷിക്കുന്നതിന് പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടില്ലാത്തതിനാൽ ഇക്കാര്യത്തിൽ നിർദ്ദേശം നൽകുന്ന കാര്യം പരിഗണിക്കാൻ കഴിയില്ല. |

സെക്ഷൻ ഓഫീസർ